സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി 21/05/2018

നം ഇ9/36714/17

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

സർ,

വിഷയം :- സാമൂഹ്യനീതി വകുപ്പ്-ജീവനക്കാര്യം- വനിതാ ശിശു വികസന വകുപ്പ് രൂപീകരണം – ഇരു വകുപ്പുകളുടേയും ആസ്തി ബാദ്ധ്യതകൾ കണക്കാക്കുന്നതിലേക്കായി ജില്ലാ തല ട്രാൻസിഷൻ ടീം യോഗം ചേരുന്നത് – സംബന്ധിച്ച്.

സൂചന :- സ.ഉ (സാധാ) നം 26/2018/സാനീവ തീയതി 21.01.2018

വനിതാ ശിശു വികസന വകുപ്പ് രൂപീകരണത്തെ തുടർന്ന് ഇരു വകുപ്പുകളിലേയും വിഷയങ്ങളുടെ വിഭജനം നടത്തിയും സെക്ഷനുകൾ വിഭജിച്ച് വർക്ക് അലോക്കേഷൻ നടത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ട്രാൻസിഷൻ ടീമുകൾ രൂപീകരിച്ചും സൂചന പ്രകാരം ഉത്തരവായിരുന്നു. ഈ സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പിൽ നിലവിലുള്ള ആസ്തിബാദ്ധ്യതകൾ ഇരു വകുപ്പുകളിലുമായി വിഭജിക്കേണ്ടതുണ്ട്. ജില്ലാതലത്തിലുള്ള ആസ്തിബാദ്ധ്യതകൾ വിഭജിക്കുന്നതിലേയ്ക്ക് ജില്ലാതല ട്രാൻസിഷൻ ടീം അടിയന്തിരമായി ചേരേണ്ടതും റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കേണ്ടതുമാണ്. ജില്ലാതല ട്രാൻസിഷൻ ടീമിന്റെ ഘടന ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉദ്യോഗപേര് | |
|---|---|---|
| 1 | ജില്ലാസാമൂഹ്യനീതി ഓഫീസർ | കൺവീനർ |
| 2 | പ്രോഗ്രാം ഓഫീസർ | മെമ്പർ |
| 3 | പ്രൊബേഷൻ ഓഫീസർ ഗ്രേഡ് 1 | മെമ്പർ |
| 4 | സീനിയർ സൂപ്രണ്ട്, ജില്ലാ സാമൂഹ്യനീതി ഓഫീസ് | മെമ്പർ |

ആസ്തിബാദ്ധ്യത വിഭജിക്കുന്നത് സംബന്ധിച്ച് സ്വീകരിക്കേണ്ട വിശദവിവരം ചുവടെ ചേർക്കുന്നു.

1. ക്ഷേമസ്ഥാപനങ്ങൾ / ആഫീസുകൾ നിലനിൽക്കുന്ന ആഫീസ് കോംപ്ലക്സിന്റെ വിശദാംശം. ഏത് വകുപ്പിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളാണ് / ഓഫീസുകളാണ് ടി

കോംപ്ലക്സിൽ കൂട്ടുതലായി ഉൾപ്പെടുന്നത് എന്നും കോംപ്ലക്സിൽ ഉൾപ്പെടുന്ന മുഴുവൻ കാര്യാലയങ്ങളുടെയും വകുപ്പ് തിരിച്ചുള്ള വിശദവിവരം

2. ഇപ്പോൾ ഓഫീസ് കെട്ടിടം നിലനിൽക്കുന്നത് സ്വന്തം കെട്ടിടത്തിലാണെങ്കിൽ / വാടക കെട്ടിടത്തിലാണെങ്കിൽ ടി വിവരം വ്യക്തമാക്കേണ്ടതാണ്.
3. അങ്കണവാടികൾ പൂർണ്ണമായും വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്തേണ്ടതാണ്. അതോടൊപ്പം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന/ ബ്ലോക്ക് ഓഫീസിൽ പ്രവർത്തിക്കുന്ന ഐസിഡിഎസ് പ്രോജക്ടുകളുടെ വിശദാംശം. ആയത് പൂർണ്ണമായും വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഉൾപ്പെടുത്തേണ്ടതാണ്.
4. ഓഫീസ് വാഹനങ്ങളുടെ വിശദാംശം ( സ്വന്തം വാഹനം/ കരാർ വാഹനം എന്നീ വിവരങ്ങൾ ഉൾപ്പെടെ)

കമ്മിറ്റി അടിയന്തിരമായി കൂടേണ്ടതും മേൽപ്പറഞ്ഞ വിവരങ്ങൾ ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് **30/05/2018** ന് മുൻപായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്. ഇതോടൊപ്പം ഇരു വകുപ്പുകളിലുമായി ജില്ലാതലത്തിൽ കൈകാര്യം ചെയ്തു വരുന്ന വിഷയങ്ങൾ, ഇതിന്റെ അടിസ്ഥാനത്തിൽ കൈമാറ്റം ചെയ്യേണ്ട സ്കീമുകൾ, ഫയലുകൾ എന്നിവയുടെ വിവരവും ഉള്ളടക്കം ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി